പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6087 07.11.2016 ലെ മറുപടിയ്ക്ക്

**അഗ്രോ പാർക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്ര അഗ്രോ പാർക്കുകളാണ് സ്ഥാപിക്കുന്നതെന്നും ആയത് ഏതൊക്കെ വിളകളെ അടിസ്ഥാനമാക്കി എവിടെയൊക്കെയാണ് ആരംഭിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഏഴ് വിളകളെ അടിസ്ഥാനപ്പെടുത്തി താഴെ കാണുന്ന 15 അഗ്രോപാർക്കുകൾ വരും വർഷങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>(1) നാളീകേര അഗ്രോപാർക്കുകൾ - തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ.<br>(2) നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ - പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകൾ.<br>(3) തേനും വാഴപ്പഴവും ആസ്പദമാക്കിയ അഗ്രോപാർക്ക് - തൃശ്ശൂർ ജില്ല.<br>(4) സ്പൈസസ് പാർക്കുകൾ - ഇടുക്കി, വയനാട് ജില്ലകളിൽ.<br>(5) റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ - കോട്ടയം, പത്തനംതിട്ട ജില്ലകളിൽ.<br>(6) ചക്കയ്ക്കു വേണ്ടിയുള്ള അഗ്രോപാർക്ക് - തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച്.<br>(7) പച്ചക്കറി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോപാർക്ക് - ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ.<br>(8) പാലക്കാട് മുതലമടയിൽ മാംഗോ അധിഷ്ഠിത അഗ്രോപാർക്ക് |
| (ബി) കാസർഗോഡ് ജില്ലയിലെ പ്രധാന കൃഷിയായ അടയ്ക്ക ഉൽപാദനവുമായി ബന്ധപ്പെട്ട് ഒരു അഗ്രോ പാർക്ക് ജില്ലയിൽ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ